ലീലാവതി.

ഒൻപതാം അദ്ധ്യായം.

(തുടർച്ച)

കഴിഞ്ഞ മൂന്നു ദിവസമായി വലിയ കൊടുങ്കാററും പെരുമഴയും ഇടവിടാതെയുണ്ടായിരുന്നു. എന്നുതന്നെയുമല്ല; പ്രസ്തുതദിവസം കാററിന്റെ ശക്തി അതികലശൽ തന്നെ. പ്രായം ചെന്ന വൃക്ഷസമൂഹങ്ങൾ ചടപടായെന്നു കാററത്താഞ്ഞുലഞ്ഞു മററു വൃക്ഷങ്ങളുടെ ശിഖരങ്ങളേയും ഞെരിച്ചൊടിച്ചുകൊണ്ടു ഭൂസ്പർശം ചെയ്യുന്നതിന്നു് അവസാനമില്ല. ഏതാനും ചില വീടുകളുടെ മേൽപ്പുര എല്ലാം കാററു പറത്തിക്കൊണ്ടുപോയി എന്നുമാത്രമല്ല; വൃക്ഷപതനംകൊണ്ടു ചിലവാറും തകൎന്നുപോകുകയും ചെയ്തിരിക്കുന്നു. കായലുകളിലുള്ള ജലത്തെ ഉരുട്ടിയെടുത്തു പൎവ്വതസമാനമാക്കി കൂലപ്രദേശങ്ങളെ ഭേദിപ്പിക്കുന്ന ഭയങ്കരശബ്ദം, സ്ഥലജലൈക്യമാണോ എന്നു തോന്നിച്ചും ഭയങ്കരമായ പടിഞ്ഞാറൻകാററു ഘോരരൂപിയായ ഒരു മഹാരാക്ഷസനേപ്പോലെ പൂൎവ്വദേശങ്ങളെ ആക്രമിച്ചു. ഈ സമയത്താണ് മരുളുകളുരസ്സു പടിഞ്ഞാറുവശത്തുള്ള കായലിൽ ഒരു വള്ളം മുങ്ങാനായി ഭാവിച്ചതു്.

കുഞ്ഞുണ്ണിപ്പണിക്കർ പരകരുണയുള്ള ഒരാളാണ്. എപ്പോഴും ആൎക്കും എന്തു സഹായവും ചെയ്യുന്ന വിഷയത്തിൽ അയാൾക്കു ബഹുതാല്പൎയ്യമാണ്. കരുപ്പു പട്ടാളത്തിലെ ഒരു ഉദ്യോഗസ്ഥനാണെങ്കിലും അയാൾ അയാളുടെ അധികാരാതൃത്തിക്കകത്തുൾപ്പെട്ട ഏതു സ്ഥലത്തും എന്തു സംഭവം ഉണ്ടായാലും അതിലേയ്ക്കു വേണ്ട അന്വേഷണങ്ങൾ നടത്തുന്ന വിഷയത്തിൽ വലിയ നിഷ്കൎഷയുള്ള ആളാണ്. അതിനു മുൻപു പല അവസരങ്ങളിലായി ആ കായലിൽ മുങ്ങിച്ചാകാൻ പോയ എത്രയാളുകളെയാണ് ഈ സാധു മനുഷ്യൻ രക്ഷപെടുത്തിയിട്ടുള്ളതെന്നു കണക്കില്ല. എപ്പോഴെങ്കിലും വള്ളത്തിന്ന് അബദ്ധം വരാൻ പോകുന്നു എന്നു കണ്ടാൽ കായൽതീരത്തോടു സമീപിച്ചു പാളയം അടിപ്പിച്ചിട്ടുള്ള അയാളുടെ ഏതാനും കീഴ്വരുതിക്കാരെ വള്ളവും കൊടുത്തയച്ചു വേണ്ടുന്നരക്ഷചെയ്തുകൊടുക്കുക ഒരു കീഴ്വഴക്കമാണ്.

വള്ളത്തിന്റെ സംഗതി പറഞ്ഞു കേട്ടു ഉടൻ തന്നെ ഇറങ്ങിത്തിരിച്ച കരുപ്പു തന്റെ അനുചരന്മാരോടു കൂടി സംഭവസ്ഥലത്തേയ്ക്കു പുറപ്പെട്ടു. നല്ലരാത്രി. മേഘത്തിന്റെ നിൎമ്മലത്വം മാത്രം ഇവരെ സഹായിച്ചില്ലെങ്കിൽ അവരുടെ കണ്ണുകൊണ്ടു യാതൊരു ഫലവും ഇല്ലാത്തവിധത്തിലായിരുന്നു ഇരുട്ടിന്റെ കാഠിന്യം. ഏകദേശം ഇവർ കായലിന്റെ കൂലപ്രദേശത്തു് അടുത്തു. വള്ളം കരയ്ക്കു് അടുക്കുന്നതിനു ഇനിയും അരയ്ക്കാൽ നാഴിക ദൂരം കിടക്കുന്നു. വള്ളക്കാരുടെ ശ്രമം വരുണമാരുതഭഗവാന്മാരുടെ പോക്കിളത്തിൽ അശേഷം ഫലിക്കുന്നില്ല.

കരുപ്പിന്റെ ഏതാനും അനുചരന്മാർ കരയ്ക്കുണ്ടായിരുന്ന ഒരു ചെറിയ ഒററത്തടിവള്ളം വെള്ളത്തിലേയ്ക്കു് ഇറക്കിയിട്ടു. എന്നാൽ അതുകൊണ്ടു വല്ല ഫലവും ഉണ്ടായോ? ഇല്ല. അവർ വള്ളം വെള്ളത്തിലേക്കിറക്കിയപ്പോൾ തന്നെ ഉള്ളിൽ കിടന്ന വള്ളം കരന്നുകഴിഞ്ഞു. ഏതാനും ചിലർ വെള്ളത്തിൽ കിടന്നു തുടിക്കുന്ന ശബ്ദം കേട്ടുതുടങ്ങി. ഈ ബഹളത്തിനിടയിൽ തയ്യാറാക്കപ്പെട്ട ഏതാനും പന്തക്കററികളുടെ സഹായംകൊണ്ടു കരുപ്പു നില്ക്കുന്നതിനു സമീപത്തായി ഒരു മനുഷ്യരൂപം തിരമാലകളിൽ കിടന്നു കളിയാടുന്നതു കണ്ടു. മൂന്നാലു പേർ വെള്ളത്തിൽ ചാടി ആ മനുഷ്യരൂപത്തെ കരയ്ക്കു കയററി നോക്കിയപ്പോൾ ജീവനില്ലാത്ത ഒരു സ്ത്രീരൂപത്തെയാണ് അവർ രക്ഷപ്പെടുത്തിയതായി കണ്ടതു്. പല പരിശോധനകളും നടത്തി. അവൾക്കു ശ്വാസവികാരമില്ലെന്നു മാത്രവുമല്ല ദുൎഗ്ഗന്ധം ഇളകിത്തുടങ്ങിയിരിക്കുന്നതായിട്ടും അവൎക്കു ബോധപ്പെട്ടതുകൊണ്ടു മരിച്ചിട്ടു അധികനേരമായി എന്നു അവർ നിശ്ചയിച്ചു. അങ്ങിനെയിരുന്നപ്പോൾ വെള്ളത്തിൽ ഏതാനും പേർ നീന്തിത്തുടങ്ങുന്ന ശബ്ദം കേട്ടു. ഒരുവൻ കരയ്ക്കുനിന്നുകൊണ്ടു "രണ്ടുപേരുണ്ടെന്നു തോന്നുന്നു" എന്നു പറഞ്ഞു. ഏതാനും പേർ വീണ്ടും വെള്ളത്തിൽ ചാടി. ഒരാൾ ഒരു സ്ത്രീയെ പിടികൂടിക്കൊണ്ടു കരയ്ക്കുവന്നു. അവൾക്കു ബോധമില്ലാത്ത നിലയിൽ കാണപ്പെട്ടതുകൊണ്ടു സമീപത്തുള്ള അവരുടെ കെട്ടിടത്തിൽ കൊണ്ടിടാൻ പറഞ്ഞു. തദനന്തരം മററൊരുത്തൻ വേറൊരു പുരുഷനേയും പിടികൂടിക്കൊണ്ടു കരയ്ക്കുവന്നു. അയാൾക്കു് അല്പം ബോധമുണ്ടു്. എന്നാൽ അയാൾ കരയ്ക്കു കിടക്കുന്ന സ്ത്രീരൂപത്തെ കണ്ട ഉടൻ തന്നെ "ഈശ്വരാ! രക്ഷിക്കണെ അവൾ മരിച്ചിട്ടില്ലെന്നു തോന്നുന്നു രക്ഷിക്കണേ രക്ഷിക്കണേ" എന്നു പറഞ്ഞു.

കുഞ്ഞുണ്ണി—നിങ്ങളുടെ ഭാൎയ്യ ആയിരിക്കാം അല്ലേ?.

മററെയാൾ—അതേ, ഭാൎയ്യ തന്നെ. അവളുടെ ബോധക്ഷയം തീരുന്നതുവരെ വേണ്ട സഹായം ചെയ്യണേ.

ഈ ഗഡുവിൽ ബോധക്ഷയമായി പിടിക്കപ്പെട്ട സ്ത്രീരൂപത്തെ മുറിയിൽ കൊണ്ടുചെന്നു ആക്കിയും വച്ചു വന്ന രാജഭടൻ "ഇവൻ മഹാകള്ളനാണ് എന്നെ പിടിക്കാൻ വരുന്നു രക്ഷിക്കണം." എന്നും മററും വെള്ളത്തിൽവച്ചു് ആ സ്ത്രീ നിലവിളിച്ചതായി പറഞ്ഞതു കേട്ടപ്പോൾ തന്നെ ആ കൂട്ടത്തിൽനിന്ന് ആ പുരുഷൻ പാഞ്ഞു ചാടിഓടി തുടങ്ങി. പിന്നാലെ രാജഭടന്മാരും കൂടി. "എവിടെ?, അവനെ വിടരുതു വിടരുതു്" എന്നു പറഞ്ഞു കരുപ്പും അതിനു പിന്നാലെ ഓടി. എന്നാൽ ആദ്യം ഓടിയ പുരുഷൻ കായലിൽ ചാടി രക്ഷപെട്ടു. പുറകെ ഭടന്മാർ ചാടിയെങ്കിലും അവനെ കണ്ടുകിട്ടിയതേ ഇല്ല.

കരുപ്പു ഭടന്മാരോടു ദ്വേഷ്യപ്പെട്ടു തുടങ്ങി. "മടയന്മാർ; അവനു രക്ഷചെയ്യാനായിട്ടോ നിങ്ങൾ പുറകെ ഓടിയതു്" എന്നും, മററും. കരുപ്പു കൊണ്ടുപിടിച്ചു ഭടന്മാരെ ശാസിച്ചു.

ഒരു ഭടൻ—മുങ്ങിച്ചാവാനായി ജനിച്ച ഒരുത്തൻ തൂങ്ങിച്ചാവാനായി ജീവിച്ചിരിക്കയില്ല അങ്ങുന്നേ!

കുഞ്ഞുണ്ണി—ആട്ടെ. അവൻ വെള്ളത്തിൽ നീന്തുകയോ കരയ്ക്കു കയറുകയോ ചെയ്യുന്നുണ്ടെങ്കിൽ പിടികൂടിക്കൊള്ളണം.

ഒരു ഭടൻ—"വലിയ കയത്തി"ലാണ് അവൻ ചാടിയതു. സ്ഥലം മുതലക്കുഴിയാണ്. ഇനി അവൻ കരയ്ക്കു കയറുമൊ?. ശപ്പനെ മുതല തിന്നട്ടെ.

കുഞ്ഞുണ്ണി—ഏതായാലും സൂക്ഷം ഉണ്ടായിരിക്കണം. നമുക്ക് ആ രണ്ടാമത്തെ സ്ത്രീയുടെ കഥ എന്തായി എന്നു നോക്കാം. എന്നു പറഞ്ഞു പോയി.

ഈ സംഭവം ഇങ്ങനെ നടന്നുകൊണ്ടിരിക്കുന്ന അവസരത്തിൽ ഒരാൾ തനിയെ ആ കൂരിരുട്ടത്തു തോട്ടുപുറത്തുപണിക്കരുടെ വീട്ടിലേക്കു പോകയായിരുന്നു. ഈ ആൾ തോട്ടുപുറത്തിനാൽ രാജസന്നിധിയിൽ അയക്കപ്പെട്ടിരുന്ന "കൊച്ചയ്യപ്പൻ" എന്ന ദൂതനായിരുന്നു. കൊച്ചയ്യപ്പന്റെ താമസത്തിനുള്ള കാരണം അറിയാഞ്ഞു തോട്ടുപുറത്തിന്നു ഊണുമില്ല ഉറക്കവുമില്ല. തീയതി നാലായല്ലൊ. കൃഷ്ണപുരത്തുനിന്നു പടനായർകളങ്ങരയ്ക്കു നാഴിക കഷ്ടിച്ചു് എട്ടേയുള്ളു. എന്തു താമസമാണ്?. അവനെ വല്ലവരും അപകടം പററിച്ചോ?. അഥവാ കഞ്ചു അവനെ താമസിപ്പിച്ചിരിക്കയോ?. അവൻ ഗ്ലാനികരമായ മറുപടിയുംകൊണ്ടാണ് വരുന്നതെങ്കിൽ കററികാട്ടുകുടുംബം മുഴുവൻ കഞ്ചുവിന്റെ പേക്ക് ആ മാത്രയിൽ ദാനം കൊടുക്കും. എന്റെ മകൻ "കററികാട്ടുകുഞ്ഞുപ്പണിക്കർ" എന്ന സ്ഥാനത്തിനും സ്വത്തിനും അവകാശിയായെങ്കിൽ ഞാൻ എത്ര ഭാഗ്യവാനായി. ഇങ്ങനെയുള്ള മനോവിചാരങ്ങളോടു കൂടിയിരിക്കുമ്പോഴാണ് കൊച്ചയ്യപ്പൻ പണിക്കരുടെ മുൻപിൽ പ്രത്യക്ഷനായതു്. (തുടരും.)

ദിവാൻജിഅവർകളുടെ കോട്ടയംസന്ദർശനം.

(പ്രത്യേകറിപ്പോർട്ടർ)

ദിവാൻജിയവർകൾ ഒരു മോട്ടോർകാറിൽ കഴിഞ്ഞ തിങ്കളാഴ്ച വൈകിട്ട് ആറുമണിക്കു് ഇവിടെയെത്തി. അദ്ദേഹത്തെ സ്വീകരിക്കുന്നതിനും കാണുന്നതിനുമായി കോട്ടയത്തുള്ള ഉദ്യോഗസ്ഥന്മാരും മററു പല മാന്യന്മാരും അദ്ദേഹത്തിന്റെ താമസസ്ഥലമായ ഡിവിഷൻകച്ചേരിയിൽ ഹാജരായിരുന്നു. ദിവാൻജിയവർകൾ വണ്ടിയിൽനിന്ന് ഇറങ്ങി ഓരോരുത്തരോടും കുശലപ്രശ്നങ്ങൾ ചെയ്യുകയും ചിലയുദ്യോഗസ്ഥന്മാരുടെ വയസ്സിനെപ്പററിയും മററും ചോദിച്ചു ഫലിതകരമായി സംസാരിക്കുകയും ചെയ്തു.

ചൊവ്വാ.

ഇന്നു രാവിലെ ഏഴ മണി മുതൽ ഈ ഡിവിഷൻപരിഷ്കാരം സംബന്ധിച്ചുള്ള കോൺഫറൻസ്സ് ആരംഭിച്ചു.

കോൺഫറൻസ്സിനു പേഷ്കാർ, മിക്ക താലൂക്കുകളിലേയും തഹശീൽദാരന്മാർ, ചില താലൂക്കുകളിലെ ഡിപ്ടിതഹശീൽദാരന്മാർ മുതലായവർ സന്നിഹിതരായിരുന്നു. ഏകദേശം പതിനൊന്നു മണിയോടുകൂടി ചില താലൂക്കുകൾ തീൎത്തശേഷം ഭക്ഷണം കഴിക്കുന്നതിനും വിശ്രമത്തിനുമായി ഒന്നു രണ്ടു മണിക്കൂർ ചിലവഴിച്ചു. ഈ സമയം കൊച്ചിയിലെ ഒരു പ്രസിദ്ധ ധനികനായ അബ്ദുസത്താർ മുതലാളിയവർകൾ കൊണ്ടുവന്നിരുന്ന ഒരു മോട്ടോർബോട്ടിൽ കയറി മുട്ടത്തിപ്പറ വരെ പോയി തിരിച്ചുവന്നു.

വീണ്ടും കോൺഫറൻസ്സു കൂടി. വൈകുന്നതിനകം താലൂക്കുകളുടെ പരിഷ്കാരമെല്ലാം തീൎത്തു. അഞ്ചര മണിയോടു കൂടി ഏററുമാനൂർ വരെ മോട്ടോർകാറിൽ പോകയും രാത്രി എട്ടു മണിയോടു കൂടി തിരിച്ചെത്തുകയും ചെയ്തു.

ബുധൻ.

ഇന്നു രാവിലെ ദിവാൻജിയവർകളെ പലരും ചെന്നു സന്ദർശിക്കയുണ്ടായി.

കായൽനിലങ്ങൾക്ക് ഏൎപ്പെടുത്തിയിരിക്കുന്ന തറവില കുറച്ചുകിട്ടണമെന്നും മററും അപേക്ഷിക്കുന്നതിനായി കുമരകത്തുനിന്നു വന്നിരുന്ന ഒരു ഡെപ്യൂട്ടേഷനെ എട്ടര മണിക്കു കാണുകയും അവരുടെ മെമ്മോറിയൽ സ്വീകരിക്കുകയും ചെയ്തു.

തിരുവല്ലാനിന്നു തലവടി, തകഴി, എടത്വാ, കോഴിമുക്കു മുതലായ പ്രദേശങ്ങളിൽ കൂടി ഒരു വഴി വെട്ടിച്ചു കൊടുക്കണമെന്നപേക്ഷിക്കുന്നതിനായി ടി സ്ഥലങ്ങളിൽനിന്നു വന്നിരുന്ന ഡെപ്യൂട്ടേഷനെ സ്വീകരിച്ചു.

കുട്ടനാട്ടു കൃഷികസംഘം വകയായി ഒരു ഡെപ്യൂട്ടേഷൻ ഇവിടെ വന്നു ഇന്നു ദിവാൻജി അവർകൾക്കു് ഒരു മെമ്മോറിയൽ സമർപ്പിക്കുകയും അതിനു് അനുകൂലമായ ഉത്തരവുണ്ടാകുന്നതാണെന്നു ദിവാൻജിഅവർകൾ മറുപടി പറകയും ചെയ്തിരിക്കുന്നു.

അനന്തരം ഡിവിഷൻപരിഷ്കാരത്തിനായി ആരംഭിച്ചു. അന്നു മൂന്നു മണിയോടുകൂടി തീൎത്തശേഷം മോട്ടോർകാറിൽ യാത്രതിരിച്ചു. സ്ഥലത്തു പുറമ്പോക്കിൽ പ്രവേശിച്ചിട്ടുള്ളവരുടെയെല്ലാം സ്ഥലങ്ങൾ കണ്ടു. ചന്തയ്ക്കു വിസ്താരം കൂട്ടണമെന്നുള്ളതിനെപ്പററി നോക്കുന്നതിനായി ചന്തസ്ഥലം സന്ദർശിച്ചശേഷം മജിസ്ട്രേട്ടുകച്ചേരി, റെജിസ്റ്റർകച്ചേരി മുതലായതുകൾ സന്ദർശിച്ചു. ഇതിന്റെ ശേഷം ഏകദേശം നാലര മണിയോടുകൂടി പുതുപ്പള്ളിയ്ക്കു പോയി പെൻഷൻഡു ഇഞ്ചിനീയർ മിസ്റ്റർ കരുവിളയെ കാണുകയും ഏകദേശം അരമണിക്കൂറുസമയംവരെ അദ്ദേഹത്തോടുപലതും സംസാരിക്കയും ചെയ്തശേഷം തിരിച്ചുവന്നു ഡാക്ടർ മാത്യു മാക്കീലവർകളെ അദ്ദേഹത്തിന്റെ ബംഗ്ലാവിൽ കയറി സന്ദർശിച്ചു. അവിടെനിന്നു ആസ്പത്രിയിൽ കയറുകയും അവിടത്തെ മസൂരിപ്പുരയുടെ സ്ഥാനം നോക്കിക്കാണുകയും ചെയ്തു. ഇതിന്റെശേഷം മലങ്കര ഇടവകയുടെ മാർ ദീവന്നാസ്യോസ്സമെത്രാപ്പോലീത്താ അവർകളെ സന്ദർശിക്കുന്നതിനായി ഏകദേശം അഞ്ചേമുക്കാൽ മണിയോടു കൂടി പഴയസിമ്മനാരിയ്ക്കു പോയി. അവിടെ ചെന്നയുടനെ മെത്രാപ്പോലീത്താ അവർകളും റെമ്പാന്മാർ, കത്തനാരന്മാർ മുതലായവരും ഒട്ടുവളരെ ശെമ്മാശന്മാരും കൂടി വന്നു് എതിരേററു സുറിയാനിഗീതം ചൊല്ലിക്കൊണ്ടു മുകളിൽ കമ്മട്ടിമാളികയിൽ കൊണ്ടുപോകയും കുറച്ചു സൈര്യസല്ലാപങ്ങളുടെ ശേഷം തനിക്കു മെത്രാപ്പോലീത്തായവർകളോടു രഹസ്യമായി ചിലതു സംസാരിക്കാനുള്ളതിനാൽ ആ മുറിയിൽനിന്ന് എല്ലാവരും ഇറങ്ങിക്കൊടുക്കണമെന്നപേക്ഷിക്കുകയും അതനുസരിച്ച് എല്ലാവരും ഇറങ്ങിക്കൊടുക്കുകയും ചെയ്തു. ഇതിന്റെ ശേഷം മെത്രാപ്പോലീത്തായവർകളുമായി ഏകദേശം ഒരു മണിക്കൂർ സമയം വരെ രഹസ്യമായി ചില സംഭാഷണങ്ങൾ നടത്തിയശേഷം താഴെയിറങ്ങുകയും അവിടെയുണ്ടായിരുന്നവരോടും മററുമായി ചില കുശലപ്രശ്നങ്ങൾ ചെയ്യുകയും ചെയ്തശേഷം താഴെ ഇറങ്ങി നടയിൽ വന്നുനിന്നു ചാപ്പൽ കാണുകയുമുണ്ടായി. അപ്പോൾ സിമ്മനാരിമാനേജർ ദിവ്യശ്രീ മട്ടയ്ക്കൽ അലക്സന്ത്രയോസുകത്തനാരവർകൾ സുറിയാനിയിൽ ദിവാൻജിയവർകൾക്കു ചീയേഴ്സു പറകയും ദിവാൻജിയവർകൾ വന്ദനം പറഞ്ഞശേഷം മെത്രാപ്പോലീത്താ അവർകളോടും മററും യാത്രപറഞ്ഞു് ഏകദേശം ഏഴമണിയോടു കൂടി തിരിച്ചുപോകയും ചെയ്തു.

വ്യാഴം.

ഇന്നു രാവിലേയും ചിലർ ദിവാൻജിയവർകളെ കാണുകയുണ്ടായി. കാപ്പിയ്ക്കു ശേഷം ഏകദേശം എട്ടു മണിയോടു കൂടി തലേദിവസം യാത്ര ചെയ്ത മോട്ടോർബോട്ടിൽ ദിവാൻജിയവർകൾ ആലപ്പുഴയ്ക്കു പോയി. ഇടയ്ക്കു കുമരകത്തുകാരുടെയപേക്ഷപ്രകാരം അവരുടെ കായൽനിലം കാണുകയുണ്ടായി. ദിവാൻജിയവർകളുടെ വരവു പ്രമാണിച്ച് ഇവർ കായൽവരമ്പത്തു ചില പ്രത്യേക പന്തലുകൾ കെട്ടിയൊരുക്കുകയും കായലിൽ ദൂരെനിന്നു വരുമ്പോഴെ കാണത്തക്കവിധത്തിൽ പല നിറമുള്ള കൊടികളും മുത്തുക്കുടകളും സ്ഥാപിക്കുകയും ചെയ്തിരുന്നു. ഏകദേശം ഒൻപതുമണിയോടു കൂടി മോട്ടോർബോട്ടവിടെയടുത്തു. ദിവാൻജിയവർകൾ കരയ്ക്കു വരമ്പത്തു് ഇറങ്ങുകയും അതിന്റെയകത്തെ വെള്ളത്തിന്റെ അഗാധമറിയുന്നതിനായി ചിലരെ വെള്ളത്തിൽ ചാടിച്ചു നോക്കുകയും ചെയ്തു. ചില സ്ഥലങ്ങളിൽ ഏകദേശം ഒരാളും കൈയൊപ്പവും മററു ചില സ്ഥലങ്ങളിൽ അതിൽ കൂടുതലുമുണ്ടായിരുന്നു. ഇതിന്റെ ശേഷം അവിടെ കൂടിയിരുന്ന അനവധി കൃഷിക്കാരിൽനിന്നു കായൽകൃഷിയുടെ പ്രയാസത്തേയും ചെലവുകളേയും മററും കേട്ടു മനസ്സിലാക്കുകയും അവരുടെ സംഗതികളെപ്പററി ദയവായി ആലോചിക്കാമെന്നു വാഗ്ദാനംചെയ്യുകയും ചെയ്തശേഷം അവിടെനിന്നു ആലപ്പുഴയ്ക്കു പോയി.

ഇന്ന് ഏകദേശം സന്ധ്യയോടു കൂടി ആലപ്പുഴെനിന്നു തിരിച്ചെത്തി.

വെള്ളി

ഇന്നു രാവിലെ പലരും ദിവാൻജിയവർകളെ സന്ദർശിക്കയുണ്ടായി. ഇതിന്റെ ശേഷം ഭക്ഷണം കഴിഞ്ഞു പതിനൊന്നുമണിയോടു കൂടി യാത്ര പറഞ്ഞു മോട്ടോർകാറിൽ തിരുവനന്തപുരത്തിനു പോകയും ചെയ്തു.

ചങ്ങനാശേരി മിസ്സം.

(ഒരു ലേഖകൻ)

പെല്ലായുടെ മെത്രാനും ചങ്ങനാശേരിമിസ്സത്തിന്റെ വികാരി അപ്പോസ്തോലിക്കായുമായി നിയമിക്കപ്പെട്ടിരിക്കുന്ന നി. വ. ദി. ശ്രീ. ഡോക്ടർ തോമസ് കുര്യാളച്ചേരിൽ അവർകളെ അനുമോദിക്കുന്നതിനും മററുമായി ഈ മാസം 18-ാംനു- ചെന്ദങ്കരപ്പള്ളിക്കാർ പ്രത്യേകം കമനീയമാംവണ്ണം അലങ്കരിക്കപ്പെട്ട ഒരു വിടിബോട്ടിൽ അദ്ദേഹത്തിന്റെ വാസസ്ഥലത്തു ചെല്ലുകയും ഇടവകക്കാരുടെ വകയായി ഒരു മംഗളപത്രം സമർപ്പിക്കയും ഒരു കുരിശും മാലയും സമ്മാനിക്കയും ചെയ്യുകയുണ്ടായി. മംഗളപത്രത്തിനു മെത്രാനവർകൾ യഥോചിതം മറുപടി പറകയും സമ്മാനത്തെ സസന്തോഷം സ്വീകരിക്കയും ചെയ്തു. ഇതിന്റെശേഷം ഇടവകക്കാരിൽ ഒരു പ്രധാനനായ മാമ്പറ യൌസേപ്പ് അവർകളും സന്ദർഭോചിതമായ ഒരു ചെറിയ വാചാപ്രസംഗം ചെയ്യുകയും മെത്രാനവർകൾ അതിനും മറുപടി പറകയും ചെയ്തശേഷം ചീയേഴ്സു വിളിച്ചു യോഗം പിരികയും ചെയ്തിരിക്കുന്നു.

ചങ്ങനാശേരിമിസ്സത്തിന്റെ വികാരി അപ്പോസ്തോലിക്കാ ആയി വാഴിക്കാൻ നിശ്ചയിച്ചു തീരുമാനിച്ചിരിക്കുന്ന വന്ദ്യദിവ്യശ്രീ കുര്യാളച്ചേരിൽ തോമ്മാമെത്രാനവർകളെ ചങ്ങനാശേരി പള്ളിവികാരി, അസിസ്റ്റന്റുവികാരി, എടവകപട്ടക്കാർ, എടവകപ്രധാനികൾ മുതലായവർ കൂടി ചമ്പക്കുളത്ത് അദ്ദേഹത്തിന്റെ സ്വന്തം വകയായ മാർസ്ലീവാപള്ളിയിൽ ചെന്നു സന്ദർശിക്കുന്നതിനും മംഗളപത്രമുഖേന തങ്ങൾക്കുള്ള സ്നേഹഭക്തിബഹുമാനാദികളെ പ്രദർശിപ്പിച്ച് അനുമോദിക്കുന്നതിനുമായി നിശ്ചയിച്ചു കഴിഞ്ഞ ചൊവ്വാഴ്ച അവിടെ എത്തി. നിശ്ചയമനുസരിച്ച് അദ്ദേഹത്തിന്റെ ആയുരാരോഗ്യാദികളെ ആശംസിച്ചുണ്ടാക്കിയിരുന്ന ഗീതങ്ങൾ ഭംഗിയായി പാടുകയും മംഗളപത്രം വായിക്കയും അതോടുകൂടെ അഞ്ഞൂറു രൂപ സമ്മാനിക്കയും ചെയ്തു. മംഗളപത്രത്തിനു മെത്രാനവർകൾ യഥായോഗ്യം മറുപടി കൊടുത്തു. സമ്മാനമായി സമർപ്പിച്ച അഞ്ഞൂറു രൂപയും സന്തോഷപുരസ്സരം സ്വീകരിച്ചിരിക്കുന്നതായി പ്രസ്താവിച്ചശേഷം മിസ്സത്തിന്റെ ആവശ്യത്തിലേക്കു വേണ്ടിവരുന്ന സമയം തിരിച്ചു വാങ്ങിക്കൊള്ളാമെന്നും അതുവരെ ഈ രൂപ ബ. വികാരിയച്ചനവർകൾ തന്നെ സൂക്ഷിച്ചുകൊള്ളണമെന്നും പറഞ്ഞ് ആയതു് അദ്ദേഹത്തെ ഏല്പിക്കയും ചെയ്തു.

ചങ്ങനാശേരിമിസ്സത്തിന്റെ വികാരി അപ്പോസ്തോലിക്കാ ആയി ഡോക്ടർ തോമസ് കുര്യാളച്ചേരി അവർകളെ നിയമിച്ചിരിക്കുന്നതായ അറിവു കുറുമ്പനാടം ഇടവകയിൽ എത്തിയ ക്ഷണത്തിൽ ആയതിന്റെ സന്തോഷസൂചകമായി ജനങ്ങളെല്ലാവരും ഇടവകപ്പള്ളിയിൽ കൂട്ടമായി കൂടുകയും കൂട്ടമണികൾ അടിപ്പിക്ക, കതിനാവെടികൾ ധ്വനിപ്പിക്ക, വെള്ളക്കൊടികൾ തൂക്കുക മുതലായ ആഹ്ലാദകരങ്ങളായ സംഗതികളെ ചെയ്യുകയും ചെയ്തശേഷം കരമാഗ്രം കോലാഹലമായ ഒരു എതിരേല്പിലേക്കു വേണ്ട ആലോചനകളും മററും നടത്തിയിരിക്കുന്നു.

ഒരു മംഗളപത്രസമർപ്പണം

(ഒരു ലേഖകൻ)

എറണാകുളം 17. 10. 11.—ഇന്നലെ വൈകുന്നേരം സ്ഥലത്തെ രാജകീയകാളേജ്ഹോളിൽ വെച്ചു, മുൻപു കോളേജ് പ്രിൻസിപ്പാളും ഇപ്പോൾ ഡയറക്ടരും ആയ മിസ്റ്റർ എഫ് എസ്സ് ഡേവിസ്സ് ബി എ ക്കു വിദ്യാൎത്ഥികളുടെ വകയായി ഒരു മംഗളപത്രം സമർപ്പിക്കുന്നതിനായി ഞങ്ങളുടെ മൂന്നാംകൂർ തമ്പുരാൻ തിരുമനസ്സിലെ അഗ്രാസനാധിപത്യത്തിൽ ഒരു യോഗം കൂടി. ഈ അവസരത്തിൽ വിദ്യാൎത്ഥികൾക്കു പുറമെ, സ്ഥലത്തുള്ള എല്ലാ മാന്യന്മാരും, ഞങ്ങളുടെ രാജകുടുംബത്തിലെ ചില തിരുമേനികളും സന്നിഹിതരായിരുന്നു. അദ്ധ്യക്ഷന്റെ പ്രാരംഭപ്രസംഗാനന്തരം വിദ്യാൎത്ഥികളുടെ പ്രതിനിധി എന്ന നിലയിൽ, കോളേജിലെ സീനിയർക്ലാസിൽ പഠിക്കുന്ന രാമവൎമ്മതമ്പുരാൻ തിരുമനസ്സുകൊണ്ടു മംഗളപത്രം വായിച്ചു. തദനന്തരം തിരുമേനി സായ്പു് അവർകൾക്കു മംഗളപത്രം സമർപ്പിക്കയും, വിദ്യാൎത്ഥികളുടെ ഓൎമ്മക്കായും തങ്ങളുടെ ഗുരുവിനോടുള്ള ഭക്തിസൂചകമായും ഈ അവസരത്തിലേക്കായി മദ്രാസ്സിൽനിന്നു പ്രത്യേകം വെള്ളികൊണ്ടു പണികഴിപ്പിച്ചു വരുത്തിയതും ഉദ്ദേശം 250-ക വിലവരുന്നതും ആയ ഒരു ടീസെററു് സായ്പു് അവർകൾക്കു സമ്മാനിക്കയും ചെയ്തു. അതിന്റെ ശേഷം സായ്പ് അവർകൾ തനിക്കു സഹജമായ നേരംപോക്കുകളോടു കൂടി വളരെ സാരഗൎഭവും അവസരോചിതവും ആയ ഒരു മറുപടി പറഞ്ഞു. സായ്പിന്റെ ഓരോ വാചകവും ഗൽഗദാക്ഷരങ്ങൾകൊണ്ടു നിറഞ്ഞിരുന്നു. സായ്പ് അവർകൾ എങ്ങിനെയാണു തന്റെ പ്രസംഗം അവസാനിപ്പിച്ചതു് എന്നു് അദ്ദേഹത്തിന്നു് മാത്രമെ അറിയാവൂ. അനന്തരം അദ്ധ്യക്ഷൻ അവർകളുടെ പ്രസംഗമായിരുന്നു. അതിൽ സായ്പ് അവർകളും അദ്ദേഹത്തിന്റെ മുൻഗാമികളും കോളേജിനു പ്രത്യേകിച്ചും സംസ്ഥാനത്തെ വിദ്യാഭ്യാസഡിപ്പാർട്ടുമെണ്ടിനു പൊതുവായും ചെയ്ത ഗുണങ്ങളെപ്പററി പ്രശംസിച്ചു. ഇപ്പോഴത്തെ പുതിയ ഉദ്യോഗത്തിൽ സായ്പ് അവർകൾ ഇപ്പോഴത്തെ പേരിനെക്കാൾ ഒരു നല്ല പേരിനെ സമ്പാദിക്കുന്നതിനായി പ്രാൎത്ഥിച്ചും പിന്നീടു സായ്പ് അവർകളുടെ സഹജമായ ചില ഗുണങ്ങളെപ്പററി പ്രത്യേകം അഭിനന്ദിച്ചും തന്റെ പ്രസംഗം അവസാനിപ്പിച്ചു. പിന്നീട് എല്ലാവരേയും പൂമാല അണിയിപ്പിച്ചതിന്റെ ശേഷം ചീയേഴ്സ് വിളിച്ചു യോഗം പിരിഞ്ഞു. ഈ അവസരത്തിലേക്കായി കോളേജ്ഹോൾ അതിവിശേഷമായി അലങ്കരിച്ചിരുന്നു.

ഇതേസംബന്ധിച്ച് ഇന്നലെ രാത്രി ചില നാടകാഭിനയങ്ങളും ഉണ്ടായിരുന്നു. തദവസരത്തിൽ ഞങ്ങളുടെ ഇപ്പോഴത്തെ പ്രിൻസിപ്പാൾ മിസ്റ്റർ ആർ. വെങ്കിടേശ്വരയ്യർ എം. എ യുടെ അപേക്ഷപ്രകാരം ഞങ്ങളുടെ സാൾട്ടുസൂപ്രണ്ടു മിസ്റ്റർ ബ്രൌണിന്റെ ചില നേരംപോക്കുകളും ഉണ്ടായിരുന്നു. ഇതു സദസ്യരെ എല്ലാവരെയും ഒരുപോലെ രസിപ്പിച്ചു എന്നു തന്നെ പറയണം. അവസാനമായി നാഷനൽആന്തം കഴിഞ്ഞിട്ടു ചക്രവൎത്തി അവർകൾക്കും, വലിയതമ്പുരാൻ തിരുമനസ്സിലേക്കും, മിസ്റ്റർ ഡേവിസ്സിനും ചീയേഴ്സ് വിളിച്ച് എല്ലാവരും പിരിഞ്ഞു. ഈ യോഗം എല്ലാവിധത്തിലും വളരെ ഭംഗിയായി കലാശിച്ചു എന്നു നിസ്സംശയം പറയാം. ഭാരവാഹികളുടെ ശ്രമം അഭിനന്ദനീയം തന്നെ.

ദിവാൻജിഅവർകളുടെ സർക്കീട്ട്.

(പ്രത്യേകലേഖകൻ)

തിരുവല്ലാ. തുലാം. 4.—കോട്ടയത്തുനിന്നു തിരുവനന്തപുരത്തേക്കുള്ള യാത്രയിൽ ഈ വഴി വരുന്നതാണെന്നറിഞ്ഞു പത്തുമണി മുതൽ തോണ്ടറക്കടവിൽ ഹാജരായി ദിവാൻജിഅവർകളുടെ വരവും കാത്തുകൊണ്ടു നിന്നിരുന്നു. ഓവർസീയർ മിസ്റ്റർ അനന്തകൃഷ്ണയ്യങ്കാരും തഹശീൽദാർ മിസ്റ്റർ ഗോവിന്ദപ്പിള്ളവാളും സിൽബന്തികളുമായി കാലേകൂട്ടി എത്തിയിരുന്നു. സ്വാമിയുടെ മോട്ടോർകാർ ഉടനെ കടത്തിവിടാൻ വേണ്ട ശട്ടംകെട്ട് ഒക്കെ ചെയ്തു കഴിഞ്ഞു. ചെങ്ങാടം ഒരുക്കി ഇട്ടിരിക്കുന്നു. വണ്ടികൾ ഒന്നും കടത്തി വിടുന്നില്ല. കൃത്യം പതിനൊന്നര മണിയായി. കടവിനക്കരെ വേറൊരു മോട്ടോർകാർ വന്നുകഴിഞ്ഞു. ആരുടേതായാലും ഇപ്പോൾ വിടാൻ തരമില്ലെന്നു വിചാരിക്കുന്നു. അപ്പോഴക്കിതാ രണ്ടു ധ്വരമാർ വണ്ടിയിൽനിന്നു ചാടിയിറങ്ങി ചെങ്ങാടക്കാരനെ വിളിക്കുന്നു. ധ്വരമാരാണെന്നറിഞ്ഞപ്പോൾ എല്ലാവൎക്കും കുറെ പരുങ്ങലായി. ധ്വരമാരെ താമസിപ്പിച്ചു എന്നു പരാതി വന്നെങ്കിലോ. സ്വാമിയുടെ മോട്ടോർകാർ ഈ സൂക്ഷത്തിനു വന്നെങ്കിലോ. എന്താണു വേണ്ടതു് ഈശ്വരാ. എല്ലാവരും വളരെ വിഷമിച്ചു. സ്വാമി അവർകൾ എന്തു പറയും. ഏതായാലും ചെങ്ങാടം അക്കരയ്ക്കു പോയി. പത്തു മിനിററിനുള്ളിൽ ചെങ്ങാടം തിരികെ ഇക്കരെ അടുപ്പിക്കണമെന്നു ഓവർസീയർ നിഷ്കൎഷയായ ഉത്തരവും കൊടുത്തു. ഏതായാലും പരിഭ്രമസമയം കഴിഞ്ഞു ചെങ്ങാടവും ധ്വരമാരുടെ മോട്ടോർകാറും ഇക്കരെ അടുത്തു.

പിന്നത്തെ വിഷമം, സ്വാമിയുടെ മോട്ടോർകാർ വളരെ വേഗത്തിൽ വരികയാണെങ്കിൽ ധ്വരമാരുടെ മോട്ടോർകാറുമായി അടുത്തു വല്ല അപകടവും വരാൻ ഇടയുണ്ടോ എന്നുള്ള സംഗതിയാണ്. ധ്വരമാർ താമസിക്കാൻ പറയണമെന്നു തീൎച്ചപ്പെടുത്തി. ധ്വരമാരോട് അങ്ങിനെ ആവശ്യപ്പെട്ടു. കോട്ടയത്തിനും അവിടെനിന്നു പീരുമേട്ടിനും പോകണമെന്നും താമസിക്കാൻ തരമില്ലെന്നും ധ്വരമാർ പറഞ്ഞതിനാൽ അതേപ്പററി വലിയ വിഷമമായി. റോട്ടിന്റെ ചില ഭാഗങ്ങളിൽ രണ്ടു മോട്ടോർകാർ പോകുവാൻ തക്ക വീതിയില്ലെന്നും മററും ഓവർസീയർവളരെ പറഞ്ഞു. ഇതിനിടയിൽ ധ്വരമാരുടെ കാറിനു വെള്ളം കോറാനും ചില കേടുകൾ നന്നാക്കാനും ആയി അവർ ശ്രമിക്കുന്നു. ധ്വരമാരിൽ ഒരാൾ വയോവൃദ്ധനും മൎയ്യാദക്കാരനും ആയ മിസ്റ്റർ കാമറോൺ ആണ്. അദ്ദേഹം ഈ താലൂക്കിന്റെ വിശേഷതയെപ്പററിയും മററും സംസാരിച്ചുകൊണ്ടിരുന്നപ്പോൾ തിരുവല്ലാക്കാരിൽ ചിലർ തങ്ങൾക്കു് ഇപ്പോഴും പല അത്യാവശ്യങ്ങൾ ഉണ്ടെന്നും അതേപ്പററി സങ്കടംപറയാനായി വന്നിരിക്കയാണെന്നും ഒരു കാൎയ്യം മെയിൻസെൻട്രൽറോട്ടിലുള്ള ആറുകളിൽ പാലങ്ങൾ അനുവദിച്ചുകിട്ടണമെന്നുള്ളതാണെന്നും സായ്പവർകൾ കൂടി ആ കാൎയ്യത്തിൽ ദിവാൻജി അവർകളോടും ചീഫ്ഇൻജിനീയരോടും പറയണമെന്നും അപേക്ഷിച്ചു. ഈ കാൎയ്യത്തിൽ തന്നാൽ കഴിയുന്ന എല്ലാ സഹായങ്ങളും ചെയ്യാൻ തയ്യാറാണെന്നും സൌകൎയ്യം ഉള്ളപക്ഷം ഇന്നു തന്നെ സ്വാമിയോടു പറയാമെന്നും പറഞ്ഞു. അങ്ങിനെയുള്ള ഉപകാരത്തെപ്പററി ഈ താലൂക്കുകാർ എന്നും ഓൎക്കുമെന്നും മററും ചിലർ മറുപടി പറഞ്ഞു. ധ്വരമാർ വണ്ടി വിടാറായി. വിടുന്നതിനു മുമ്പായിട്ടിതാ സ്വാമിയുടെ വണ്ടി വന്നുകഴിഞ്ഞു. വണ്ടിയിൽനിന്നിറങ്ങി മിസ്റ്റർ കാമറോണിനു കൈ കൊടുക്കയും സല്ലാപം ചെയ്കയും ചെയ്തു. ഈ സംഭാഷണമദ്ധ്യേ ഹർജിയുമായി ആളുകളും അടുത്തുകൂടി. സ്വാമിതന്നെ ഈ ആറുകളിൽ പാലങ്ങളില്ലാത്തതു വലിയ ബുദ്ധിമുട്ടാണെന്നും മററും പറഞ്ഞു. ധ്വര അവർകൾ വാഗ്ദാനംപോലെ തന്നെ പാലത്തിന്റെ കാൎയ്യത്തെപ്പററി വളരെ ശക്തിയായും താല്പൎയ്യമായും പറഞ്ഞു. പാലങ്ങൾ അത്യാവശ്യമാണെന്നും മൂവാററുപുഴപ്പാലം പണി തുടങ്ങിയെന്നും താമസിയാതെ തന്നെ ഈ ആറുകളിലെ പാലങ്ങളും ആരംഭിക്കുന്നതാണെന്നും പബ്ലിക്കായി സ്വാമി പ്രസ്താവിച്ചു. എസ്റ്റിമെററു തയ്യാറായിരിക്കുന്നു എന്നും ശേഷം നടപടികളും ഉടനെ ഉണ്ടാകുന്നതാണെന്നും ആണ് സ്വാമി പ്രസ്താവിച്ചതു്.